# നമ്മുടെ കർത്താവിന്റെ ദേവാലയ സമർപ്പണപെരുന്നാളിൽ മെഴുകുതിരികളുടെ വാഴ്വിന്റെ ക്രമം (ലൂക്കോസ് 2:21-39)

(മെഴുകുതിരികൾ ഒരു തട്ടകത്തിൽവച്ച് വെളുത്ത ലോലമായ ഒരു ശോശപ്പാകൊണ്ട് മൂടി മദ്ബഹായുടെ പടികളോട് ചേർന്ന് ഏവൻഗേലിയോൻ മേശയുടെ അടയിലായി ഒരു മേശമേൽ വയ്ക്ക ണം. ദൈവമാതാവിന്റെ കുക്കിലിയോനുശേഷം പ്രധാനപട്ടക്കാരൻ, വൃദ്ധനായ ശെമുവൂൻ തന്റെ കൈകളിൽ ശിശുവിനെ എടുത്തപ്ര കാരം കുരിശ് കൈകളിൽ വഹിച്ചുകൊണ്ടും മറ്റുള്ളവർ പിന്തു ടർന്നും പള്ളിയ്ക്കകത്ത് പ്രദിക്ഷണം നടത്തണം. തൽസമയത്തേ ക്കുള്ള ഗീതം താഴെ കൊടുത്തിരിക്കുന്നു)

### പ്രദിക്ഷണഗീതം

### (യേറുശലേമിലെ ഉന്നതമാം... രീതി)

യാഗാർപ്പണമതിനായ് മറിയാം
മകനോടൊപ്പം യസേഫും
ദൈവാലയ സവിധേ ചെന്നാർ
ദൈവസുതൻ തന്നവതാരം
ദർശിച്ചോൻ ശെമഓനവനെ
കൈകളിലേറ്റി സാഘോഷം
ചൊന്നാൻ എന്നക്ഷികളിപ്പോൾ
നിൻ ദയയെ ദർശിക്കുന്നു
എന്നെ യാത്രയയച്ചാലും
നിദ്രയടഞ്ഞോരോടൊപ്പം
പുനരുത്ഥാനനാളോളം
വിശ്രാന്തി ഞാൻ പൂകട്ടെ
ആദാമ്യകുലത്തിനായ്
കന്യാപുരതനുരുവായെ-
ന്നാ പരിശുദ്ധാത്മാമർമ്മം
ഓതട്ടെ ഞാനവരോടായ്

ശെമഓനേ! ഹാ ധന്യൻ നീ
ദൈവാത്മജനെ നിൻ ഹസ്തേ
ഏന്താൻ ഭാഗ്യം നിനക്കുളവായി
ആദിയൊടന്തം പിതൃസവിധേ
നിലകൊള്ളുന്നോൻ മുഖശോഭ
ചിറകാൽ സ്രാപ്പികൾ മറയ്ക്കുമ്പോൾ
നിൻ ദൃക്കാലെ നീ കണ്ടു
സ്വർഗ്ഗം നിറഞ്ഞു തുളുമ്പുന്നോ- രാ
ശോഭയെ കരമതിലേന്തി മാ
നുഷജന്മം കൈക്കൊണ്ടും
ഹേതു അശേഷം ഇല്ലാഞ്ഞും

ന്യായ്രപമാണപൂർത്തിക്കായി
വൈദികസമർപ്പണവാനായ
അവനുടെ വിനയം ബഹുമാന്യം

ദൈവാത്മജനെ ശീമോൻ കണ്ടാൻ
മോദത്തൊടു സവിധേ ചെന്നു
സ്വദ്യക്കാലവനെ വീക്ഷി-
ച്ചിക്ഷിതി വിട കൊള്ളേണ്ടുന്നതിനാൽ
അവനുടെ ജന്മം പടുവ്ൃദ്ധൻ
നോക്കിപ്പാർക്കുകയായിരുന്നു
തൻ കൈകളിലവനെ ഏന്തി
കേണവനർത്ഥിച്ചോതി
ഉലകനിവാസത്തീന്നെന്നെ
വിടുതൽ നല്കുക എൻ നാഥാ
പാപപാശത്തിൽനിന്ന്
ആദാമിനെ രക്ഷിപ്പാനായ്
താഴ്മയതേറ്റദൃശ്യവാനാം ദൃ
ശ്യവാനെ സ്തുതി നിത്യം

## പ്രാരംഭ്പ്രാർത്ഥന

പട്ടക്കാരൻ: ശുബഹോ... ജനം: വാലൈൻമ്ഹിലേ...

ദൈവമായ കർത്താവേ നിന്റെ സമ്പൂർണ്ണക്ൃപകളും വാഴ്വുകളും ലഭിക്കുവാൻ നീ ഞങ്ങൾക്കു യോഗ്യത നൽകണമെ. നിന്റെ ദേവലയപ്രവേശനത്തിന്റെ ഈ നാളിൽ നിന്നെ സ്വീകരി ക്കുവാൻ തക്കവണ്ണം ഞങ്ങളുടെ മനസ്സുകളെയും ചിന്തകളെയും പ്രവൃത്തികളെയും നീ ശുദ്ധീകരിക്കണമെ. നിന്നെ, തന്റെ വിശുദ്ധ കരങ്ങളിലെടുത്ത ആ വൃദ്ധനും നീതിമാനുമായ ശെമഊനെ പ്പോലെ, സ്തുതികളുടെയും വന്ദനവിന്റെയും കത്തിച്ച തിരികളോ ടുകൂടെ നിന്റെ ദാസരെ സമാധാനത്തോടെ വിട്ടയക്കണമെ ഞങ്ങ ളുടെ പാപങ്ങളുടെ ബന്ധനങ്ങളിൽ നിന്നും ഞങ്ങളെ TIM AM രാക്കണമെ എന്നു നിലവിളിച്ചു ഞങ്ങൾ പറയുകയും ചെയ്യുമാറാ കണമെ. നിനക്കു സ്തുതിയും സ്തോത്രവും ഇപ്പോഴും എപ്പോഴും ഉണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. ഹോശോ... ആമ്മീൻ.

### (മെഴുകുതിരികളിന്മേലുള്ള പ്രാർത്ഥന)

പട്ടക്കാരൻ: സർവ്വശക്തനായ ദൈവമാകുന്ന വചനമേ! ഞങ്ങളുടെ മനുഷ്യ വർഗ്ഗത്തിന്റെ രക്ഷയ്ക്കായി മനുഷ്യ നായിത്തീർന്ന നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. സ്വർഗ്ഗത്തിൽ നീ പരമമായി ഉയർത്തപ്പെട്ടു ആരാധിക്കപ്പെടുന്നു. അഗ്നിമയന്മാരായ മാലാഖമാർ നിന്നെ മഹത്വപ്പെടുത്തുന്നു. ക്രൂബേന്മാരുടേയും സ്രോഫേന്മാരു ടേയും ഗണങ്ങൾ നിനക്കു കാദീശ് പാടുന്നു, നിന്റെ ഈ ലോക ത്തിലേക്കുള്ള വരവിനാൽ ഞങ്ങളുടെ മാനുഷികജീവിത്തതിന്റെ സ്വഭാവ്പ്രകൃതിയെ നീ പൂർത്തീകരിച്ചു. ഇന്നേദിവസം ന്യായ്ര്പ മാണപ്രകാരമുള്ള കല്പന നിവർത്തിയാക്കുവാനായി നീ ദൈവാ ലയത്തിലേക്കു പോയി. അവിടെ ക്രൂബേന്മാർ തങ്ങളുടെ ചിറകുക ളാൽ വഹിക്കുന്നനിന്നെ വൃദ്ധനായ ശെമഉൗൻ തന്റെ ഭുജങ്ങളിൽ വഹിച്ചു. നിന്റെ

പ്രകാശം സൃഷ്ടി മുഴുവനിലും ശോഭിച്ചു. സ്വർഗ്ഗവും ഭൂമിയും നിന്റെ പ്രകാശത്താൽ നിറഞ്ഞു.ഇപ്പോൾ കർത്താവേ! ഈ ദൈവികരപ്രവൃത്തികൾ നിർവഹിച്ച നീ നിന്റെ വലതുകരം നീട്ടി ഞങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്ന ഈ മെഴു കുതിരികളെ വാഴ്ത്തണമെ എന്ന് നിന്നോട ഞങ്ങൾ അപേക്ഷി ക്കുന്നു. അവയെ സ്വീകരിക്കുന്നവർക്ക് അവ അനുധ്ഗഹവും അവ 4 ഏന്തുന്നവർക്ക് ഉപ്രദവങ്ങളിൽ നിന്നുള്ള ഒരു തുണയുമായി ഭവി ക്കണമെ. അവ വിശുദ്ധിയുടെ തിരികളും, വിശ്വാസത്തിന്റെയും സദ്പ്രവൃത്തികളുടെയും ദൃഡ്തയ്ക്കായുള്ള വിശുദ്ധിയുടെ നിധി കളും പള്ളികളുടെ ഉന്നതിയ്ക്കും ദയറാകളുടെ മഹത്വത്തിനും ക്രിസ്തീയ ഭവനങ്ങളുടെ അനുഗ്രഹത്തിനുമായി തീരണമെ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ... ആമ്മീൻ.

## വീണ്ടും പ്രാർത്ഥന

ദൃശ്യങ്ങളും അദൃശ്യങ്ങളൂമായ സകല സൃഷ്ടികളാലും സ്തുതിക്കപ്പെട്ട് പുകഴത്തപ്പെടുന്നവനും, തന്റെ അനാദ്യന്ത കൃപ യൂടെ ബഹുലതയാൽ ഉന്നതങ്ങളിൽനിന്നും ഇറങ്ങിവന്ന് സ്വന്ത ഇഷ്ടത്താൽ ഞങ്ങളെപ്പോലെ മനുഷ്യനായിത്തീർന്ന് ആദിപാപ ത്തിൽനിന്നും ഞങ്ങളെ വീണ്ടെടുത്ത് പാപക്കറകളിൽനിന്നുള്ള മലിനതയെ വെടിപ്പാക്കിയവനും എദ്രായ പാരമ്പര്യര്പകാരം ഇന്നേദിവസം ദൈവാലയത്തിലെത്തി സ്യായപ്രമാണ്പ്രകാരം ഒരു ഇണകുറുപ,്രാവിനെയും രണ്ടുപ്രാവിൻകുഞ്ഞുങ്ങളെയും ഞങ്ങ ളുടെ മാനുഷിക സ്വഭാവത്തിന്റെ വിശുദ്ധിക്കായി യാഗം കഴിച്ച് പഴയപുതിയനിയമങ്ങളിന്മേലുള്ള തന്റെ കർതൃത്വത്തെ പ്രത്യക്ഷീ ഭവിപ്പിക്കുകയും ചെയ്ത വാനവസേനകളുടെ നാഥനായ ദൈവ മായ കർത്താവേ! തന്റെ കരങ്ങളിൽ കത്തിച്ച മെഴുകുതിരികൾ പിടി ച്ചുകൊണ്ട് ശെമഈൻ തന്റെ ഭുജങ്ങളിൽ നിന്നെ വഹിച്ചുവല്ലോ. ആകയാൽ അപ്രകാരം തന്നെ പരിശുദ്ധ സഭ ആ മോഹനീയ പാര മ്പര്യത്തെ പരിരക്ഷിച്ചുകൊണ്ട് ഈ മെഴുകുതിരികളെ വാഴ്ത്തി അതിന്റെ മക്കൾക്ക് സ്വർഗ്ഗീയ അനുഗഹങ്ങൾ ലഭ്യമാകുവാനായി നൽകപ്പെടുന്നു. ദൈവമായ കർത്താവേ! ഞങ്ങളുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഈ തിരികളിന്മേൽ നിന്റെ വാഴ്വുകൾ അയച്ചു തരണമെ എന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഇവ ഏന്തുന്നവർക്ക് ഇവ നന്മകളുടേയും കൃപകളുടേയും SEMA രമായി തീർന്ന് ദുഷ്ടാത്മക്കളും പിശാചുക്കളും ദൂരത്താക്കപ്പെടു കയും ദുര്യോഗങ്ങളിൽനിന്നും രോഗങ്ങളിൽനിന്നും സകലവിധ പരീക്ഷകളിൽനിന്നും വിടുതൽ പ്രാപിക്കുകയും ചെയ്യുമാറാകണ മെ. ഇവയെ സ്വീകരിക്കുന്ന ഞങ്ങൾ കൃപയും കരുണയും കട ങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും കണ്ടെത്തുമാറാ 5 കണമെ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ... ആമ്മീൻ.

### (ശോശപ്പ മെഴുകുതിരികളുടെ മുകളിൽ നിന്ന് മാറ്റുന്നു തുടർന്ന് പട്ടക്കാരൻ കൈകളുയർത്തി താഴെകൊടുത്തിരിക്കുന്ന പ്രാർത്ഥന ആലപിക്കുന്നു)

തന്റെ കല്പനയാൽ, ദൃശ്യവും അദൃശ്യവുമായ എല്ലാറ്റിനോടും കൂടെ പ്രപഞ്ചത്തെ ആകമാനമായി സൃഷ്ടിക്കുകയും അവയെ ഉറച്ച അടിസ്ഥാനങ്ങളിൽ ഉറപ്പിക്കുകയും ചെയ്ത സ്രഷ്ടാവാം ദൈവമേ! ഈ തിരികളെ നിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വാഴ്ത്ത ണമെ എന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. വികലമാക്ക പ്പെട്ട സകലത്തേയും ഇല്ലായ്മ ചെയ്യുന്ന ശക്തിയും കൃപയും ഇവയ്ക്കു നീ നലകണമെ. സത്യവിശ്വാസത്തോടും

ധാർമ്മികത യോടും കൂടെ ഇവയെ സ്വീകരിക്കുന്നവർക്ക് വാഴ്വുകളും (+) വിശുദ്ധിയും (+) ശക്തിയും (+) സഹായവും() പ്രോത്സാഹനവും (+) ക്ഷേമവും() സൌഖ്യവും(-) വിശ്രമവും() സ്വാത്ത്രയവും() ആശ്വാസവും നൈർമ്മല്യവും (+) പ്രലോഭനങ്ങൾക്കെതിരെയുള്ള കൈതാങ്ങും നിന്റെ ദൈവീക കൽപനകളുടെ സമ്പൂർണ്ണ അനുസരണവും നൽകണമെ. ആയത് നിത്യാനന്ദം ലഭ്യമാകുന്നതിനു വേണ്ടിയും കറയില്ലാത്ത ദാനങ്ങൾ അനുഭവമാക്കുന്നതിനുവേ ണ്ടിയും ആയിട്ടുതന്നെ. എന്തെന്നാൽ നീ ജീവനുള്ള സകലത്തിനും തൂണയും സകല സഊഭാഗ്യങ്ങളുടെയും ധാരാളിത്തമുള്ള ഉറവയും ആകുന്നുവല്ലോ. നിനക്ക് സ്തുതിയും സ്തോത്രവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ഹോശോ... ആമ്മിൻ.

### (പട്ടക്കാരൻ കൈകൾ ഉയർത്തിക്കൊണ്ട്)

ജഡീക ന്നേത്രങ്ങൾക്ക് അഗോചരനും കാലത്തികവിങ്കൽ അന ശ്രഹീതയായ കന്യകമറിയാമിന്റെ ജഡത്തിലൂടെ ജന്മം എടുത്ത വനും ആയ മഫോജ്ജലനായ കർത്താവേ ഞങ്ങൾ നിനക്ക് ആരാ ധനയും വന്ദനവും അർപ്പിക്കുന്നു. എന്നെ സമാധാനത്തോടെ പിരി ച്ചയക്കണമെ, എന്തെന്നാൽ എന്റെ കണ്ണുകൾ നിന്റെ രക്ഷയെ കണ്ടി രിക്കുന്നു എന്നു പറഞ്ഞപേക്ഷിച്ചുകൊണ്ട് വൃദ്ധതയുടെ പാരമ്യത്തിലെത്തിയ ശെമഊന്റെ കൈകളാൽ വഹിക്കപ്പെടുവാനായി നീ ഇന്ന് ദൈവാലയത്തിലെത്തിച്ചേർന്നുവല്ലോ.

ഇപ്പോൾ നാഥാ! കർത്താവേ! നിന്റെ കരുണാർദ്രമായ കണ്ണുക 6 ളാൽ ഞങ്ങളെ നീ സൂക്ഷിച്ചു നോക്കി ഞങ്ങളുടെ പ്രാർത്ഥന കളും അപേക്ഷകളും നിനക്ക് എല്ലാക്കാലങ്ങളിലും നേരങ്ങളിലും സ്വീകാര്യമായി തീരണമെയെന്ന് നിന്നോട് ഞങ്ങൾ യാചിക്കുന്നു. നിന്റെ അനുഗ്രഹങ്ങളെ അയച്ചു തന്ന് ഈ തിരികളെ നീ വാഴ്ത്ത ണമെ (+). നിന്റെ ധാരാളമായ കൃപയാൽ ഇവയെ നിറക്കണമെ(), വിശുദ്ധിയുടെയും നൈർമ്മല്യത്തിന്റെയും ഉറവയാക്കി ഇവയെ തീർക്കണമെ(). സകലവിധരോഗങ്ങളുടെയും ദൌർബല്യങ്ങളു ടെയും ശാന്തിയ്ക്കായും() ദുഷ്ടാത്മക്കാളുടെയും പിശാചുക്കളു ടെയും ഉപ്രദവങ്ങളിൽനിന്ന് ശരീരങ്ങളുടെയും ആത്മാക്കളുടെയും സൌഊഖ്യത്തിനായും (+) പാപവികാരങ്ങളുടെ പവിത്രതയ്ക്കായും (+) ക്രിസ്തീയ ഭവനങ്ങളുടെ ശുദ്ധീകരണത്തിനായും (+) എല്ലാ വിധ ഉപ്ദ്രവങ്ങളിൽനിന്നുള്ള സംരക്ഷണത്തിനായും (+) സ്ത്രീക ളിലെ പ്രസവവേദനയ്ക്ക് തുണയായും(-) എല്ലാവിധ ദുര്യോഗങ്ങ ളിൽനിന്നുള്ള ആശ്വാസത്തിന്നായും (+) ഇവ ഭവിക്കണമെ. നീ കരുണാപുരസ്സരം വാഴ്ത്തിയ ഈ തിരികളാൽ ഞങ്ങൾ പ്രശോഭിതരാകുവാനും അവയിലൂടെ നിന്റെ ദിവ്യദാനങ്ങളും നിന്റെ സ്വർഗ്ഗീയ കൃപയും ഞങ്ങൾക്കു ലഭ്യമാകുവാനും ഇടയാകണമെ. ഞങ്ങൾ നിന്റെ ബഹുമാന്യയനാമം നിന്റെ പിതാവിന്റെയും നിന്റെ പരിശുദ്ധ രൂഹായുടെയും കൂടെ ആരാധിച്ച് വന്ദിക്കുവാനായിട്ടു തന്നെ. ഹോശോ... ആമ്മീൻ. (പട്ടക്കാരൻ വലതുകരം തിരികളിന്മേൽ ആവസിപ്പിക്കുന്നു)

നമ്മുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഈ തിരികൾ (ബാറെ ക്മോർ) പിതാവിന്റെയും (+) ജനം : ആമ്മീൻ, പുത്രന്റെയും (+) ജനം : ആമ്മീൻ, പരിശുദ്ധ റൂഹായുടെയും (+) ജനം : ആമ്മീൻ വാഴ്ത്തപ്പെട്ട ശുദ്ധീകരിക്കപ്പെടുന്നു.

## പ്രാർത്ഥന

സ്വർഗ്ഗീയസേനകളുടെ നാഥനും സകലസൃഷ്ടികളുടെയും (സ്രഷ്ടാവും എല്ലാ ആരാധകരുടെയും സംരക്ഷകനും ആയ ദൈവ മേ, ബലിഷ്ഠങ്ങളായ നിന്റെ

കരങ്ങളാലും ശക്തിയുള്ളതും ബല മേറിയതുമായ നിന്റെ ഭുജങ്ങളാലും ഞങ്ങളെ നീ കാത്തുസൂക്ഷിച്ച് അഗ്നിമയന്മാരായ മാലാഖമാരോടുകൂടെ നിന്നെ മഹത്ചപ്പെടുത്തു വാൻ ഞങ്ങളെ യോഗ്യരാക്കുകയും നിന്റെ ദാസരായ ഞങ്ങളെ മര ണകരമായ പാപബന്ധനങ്ങളിൽനിന്നും പിരിച്ചയക്കണമെ എന്നു 7 വൃദ്ധനായ ശെമഊനോടുകുടെ ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യു മാറാകണമെ. ഞങ്ങളോടുകൂടെ സംബന്ധിക്കുന്ന ഏവർക്കും പാപ ങ്ങളിൽനിന്നും തെറ്റുകളിൽനിന്നും മോചനവും ലഭ്യമാകുമാറാക ണമെ. ഹോശോ... അമ്മീൻ. ഹുത്തോമോ

ഞങ്ങളുടെ കർത്താധികർത്താവേ/! ബലഹീനരായ ഈ ദാസ രായ ഞങ്ങളുടെ പ്രാർത്ഥനകൾ കേൾക്കണമെ. അപേക്ഷകൾ സ്വീകരിക്കണമെ. ഞങ്ങളെ സഹായിക്കണമെ. ഞങ്ങളോടു ക്ഷമി ക്കണമെ. ഞങ്ങളുടെ ആത്മാക്കൾമേലും കറ പൂണ്ട ശരീരത്തി ന്മേലും നിന്റെ കരുണയെ ചൊരിഞ്ഞ് പാപക്കറകളിൽ നിന്നും ശുദ്ധീകരിക്കണമെ. ഞങ്ങളുടെ ജീവിതകാലം മുഴുവൻ നിന്നെ മഹത്ചപ്പെടുത്തുവാനായിട്ടു തന്നെ. ഹോശോ... ആമ്മീൻ.

**ഹദ് മാലാഖേ**

**കിഴക്കോട്ടു തിരിഞ്ഞു നിന്നുകൊണ്ട്**

പട്ടക്കാരൻ : ദൂതന്മാർ സേ-വിപ്പോനേ!

ജനം: ഈശാ! നീ പരിശുദ്ധൻ. (ദൈവമേ! നീ പരിശുദ്ധനാകുന്നു)

പട്ടക്കാരൻ : ക്രോബേന്മാർ വാഴ്ത്തുന്നോനേ!

ജനം: ശക്താ! നീ പരിശുദ്ധൻ. (ബലവാനേ! നീ പരിശുദ്ധനാകുന്നു)

പട്ടക്കാരൻ : ര്സാപ്പികൾ കാദീ-ശാർപ്പോനേ!

ജനം: മൃതിഹീനാ! നീ പരിശുദ്ധൻ. (മരണമില്ലാത്തവനെ! നീ പരിശുദ്ധനാകുന്നു)

പട്ടക്കാരൻ : പാപികളനുതാപത്തോടർത്റിച്ചോതുന്നു.

ജനം : ഞങ്ങൾക്കുവേണ്ടി ദൈവാലയ പ്രവേശനം നടത്തിയവനെ ഞങ്ങളുടെമേൽ കരുണ ചെയ്യണമേ.

**പടിഞ്ഞാറോട്ടുതിരിഞ്ഞു നിന്നുകൊണ്ട്**

പട്ടക്കാരൻ : തീമയർ ഹാലൽ-ചൊൽവോനേ!

ജനം: ഈശാ! നീ പരിശുദ്ധൻ.

പട്ടക്കാരൻ : ആത്മീയർ ശ്ലാ-ഘിപ്പോനേ!

ജനം:- ശക്താ! നീ പരിശുദ്ധൻ..

പട്ടക്കാരൻ : മൺമയരാഘോം-ഷിപ്പോനേ!

ജനം: മൃതിഹീനാ! നീ പരിശുദ്ധൻ.

പട്ടക്കാരൻ : വിശ്വാസിനിയാം തിരുസഭതൻ-സുതരർത്ഥിക്കുന്നു.

ജനം : ഞങ്ങൾക്കുവേണ്ടി ദൈവാലയ പ്രവേശനം നടത്തിയവനെ ഞങ്ങളുടെമേൽ കരുണ ചെയ്യണമേ.

## വടക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട്

പട്ടക്കാരൻ : മേലുള്ളോർ മാ-നിപ്പോനേ!

ജനം: ഈശാ! നീ പരിശുദ്ധൻ.

പട്ടക്കാരൻ : മദ്ധ്യമർ കീർത്തി-ക്കുന്നോനേ!

ജനം: WADI! നീ പരിശുദ്ധൻ..

പട്ടക്കാരൻ : കിഴുള്ളോർ കു-പ്പുന്നോനേ!

ജനം: മൃതിഹീനാ! നീ പരിശുദ്ധൻ.

പട്ടക്കാരൻ : പാപികളനുതാപത്തോടർതറിച്ചോതുന്നു

ജനം : ഞങ്ങൾക്കുവേണ്ടി ദൈവാലയ പ്രവേശനം നടത്തിയവനെ ഞങ്ങളുടെമേൽ കരുണ ചെയ്യണമേ.

## തെക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട്

പട്ടക്കാരൻ : നാഥാ! കൃപചെയ്തീടേണം

ജനം: നാഥാ! കൃപചെയ്യുക കനിവാൽ (ഞങ്ങളുടെ കർത്താവെ! കൃപയുണ്ടായി ഞങ്ങളുടെ മേൽ കരുണ ചെയു ണമെ)

പട്ടക്കാരൻ : നാഥാ! കർമ്മാർത്ഥനകളെ നീ കൈക്കൊണ്ടും കൃപചെയ്തീടേണം.
ജനം: ദേവേശാ! തേ സ്തോത്രം (ദൈവമേ! നിനക്കു സ്തുതി)

പട്ടക്കാരൻ : സ്രഷ്ടാവേ! തേ സ്തോത്രം

ജനം: പാപികളാം ദാസരിലലിയും മിശിഹാ രാജാവേ! സ്തോത്രം. (പാപികളായ നിന്റെ ദാസരോട് കരുണ ചെയ്യുന്ന മ്ശിഹാ രാജാവെ നിനക്കു സ്തുതി)

ബാറെക്മോർ. പട്ടക്കാരൻ : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവെ...